ങ്കിൽ നിന്നുള്ള ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

97 (1952) സഹകരണ മേഖലയിലെ നിക്ഷേപം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ വിനിയോഗിക്കപ്പെടാതെ നിക്ഷേപം നിലനിൽക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയുടെ നിക്ഷേപമെന്ന് വ്യക്തമാക്കാമോ;

(ബി) വിനിയോഗിക്കപ്പെടാത്ത തുക പുനർ നിക്ഷേപം നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി. സഹകരണ മേഖലയിൽ തുക നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്രകോടി രൂപയ്ക്കുള്ള നിക്ഷേപം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിക്ഷേപത്തിലൂടെ സഹകരണ മേഖലയ്ക്കും കെ.എസ്.ആർ.ടി.സി. ക്കും ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം ജില്ലകളിൽ ഈ നിക്ഷേപ പദ്ധതി നടപ്പിലാക്കി; സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ നിക്ഷേപം വ്യാപിപ്പിക്കുമോ?

ഉത്തരം

(എ) വിനിയോഗിക്കപ്പെടാതെ 1059.10 കോടി രൂപയുടെ നിക്ഷേപം നിലനിൽക്കുന്നതായി കണക്കാക്കുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് മിച്ച ഫണ്ടുള്ള സഹകരണ ബാങ്കുകളിൽ നിന്നും കൺസോർഷ്യം വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി)&(ഡി) കെ.എസ്.ആർ.ടി.സി. സഹകരണ മേഖലയിൽ തുക നിക്ഷേപിച്ചിട്ടില്ല. അതിനാൽ ഇതു സംബന്ധിച്ച മറ്റ് ചോദ്യങ്ങൾ പ്രസക്തമല്ല.

98 (1953) സെൽഫ് ഫൈനാൻസിംഗ് സാങ്കേതിക കോളേജുകൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സംഘങ്ങൾക്കാണ് സെൽഫ് ഫൈനാൻസിംഗ് സാങ്കേതിക കോളേജുകൾ നൽകിയിട്ടുള്ളത്;

(ബി) ഇത്തരം കോളേജുകൾ സ്ഥാപിക്കുന്നതിന് സഹകരണരംഗത്ത് എന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly